സായൂജ്യം സ്വാശ്രയ പദ്ധതി

131 (1957) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13-ലെ ബഡ്ജറ്റിൽ ഭവനനിർമ്മാണ ബോർഡിന് കീഴിൽ ഇടത്തരക്കാർക്കായി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന സായൂജ്യം സ്വാശ്രയ പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിക്ക് കീഴിൽ നിലവിൽ എത്ര പ്ലോട്ടുകളാണുള്ളത് ; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പ്ലോട്ടുകൾക്കായി ഗുണഭോക്താക്കളുടെ എത്ര അപേക്ഷകൾ ലഭിച്ചിരുന്നു; എത്രപേർ അർഹരാണ് ; അർഹരായവരിൽ എത്രപേർക്ക് പ്ലോട്ടുകൾ ലഭ്യമാകാനുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോട്ടയം ജില്ലയിൽ അയർക്കുന്നത്ത് 12 പ്ലോട്ടുകളും കാസർഗോഡ് ജില്ലയിൽ മധൂരിൽ 22 പ്ലോട്ടുകളുമാണ് നിലവിലുള്ളത്.

(സി) കാസർഗോഡ് ജില്ലയിൽ ലഭിച്ച 29 അപേക്ഷകളിൽ 17 അപേക്ഷകർക്കായി 21 പ്ലോട്ടുകൾ അലോട്ട് ചെയ്തിട്ടുണ്ട്. കോട്ടയം ജില്ലയിൽ അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

ഭവന രഹിതരായ കുടുംബങ്ങൾ

132 (1958) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി ഭവനം ഇല്ലാത്ത എത്ര കുടുംബങ്ങൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ കണക്ക് ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ;

(ബി) സ്വന്തമായി വീടില്ലാത്ത കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകുന്നതിനായി ഈ സർക്കാർ 1-7-2011 മുതൽ 31-10-2015 വരെ എത്ര തുക ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കാമോ ;

(സി) പാലക്കാട് ജില്ലയിൽ, ഹൗസിംഗ് ബോർഡിന് നിലവിൽ ഏതെല്ലാം പ്രോജക്ടുകൾ ആണുള്ളത് ; വിശദാംശവും കാലികസ്ഥിതിയും വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ലാന്റ് റവന്യൂ കമ്മീഷണറുടെ 26-11-2013-ലെ റിപ്പോർട്ട് അനുസരിച്ച് സംസ്ഥാനത്ത് സ്വന്തമായി ഭവനമില്ലാത്തവരായി 4,70,606 കുടുംബങ്ങളുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

(ബി) വിശദാംശം അനുബന്ധം -2 ആയി ചേർത്തിരിക്കുന്നു.*

(സി) വിശദാംശം അനുബന്ധം -3 ആയി ചേർത്തിരിക്കുന്നു.*

കേരള സ്റ്റേറ്റ് ഹൗസിംഗ് ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ പ്രവർത്തനം

133 (1959) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന കേരള സ്റ്റേറ്റ് ഹൗസിംഗ് ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഹൗസിംഗ് സെക്യൂർ റെഗുലേറ്ററി അതോറിറ്റി എന്നിവയുടെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഹൗസിംഗ് ഫിനാൻസ് കോർപ്പറേഷൻ ഇതുവരെ എത്ര രൂപ ഭവന വായ്പയായി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഹൗസിംഗ് സെക്യൂർ റെഗുലേറ്ററി അതോറിറ്റിയിൽ ഇതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; ഇവയിൽ പരിഹരിക്കാതെ അവശേഷിക്കുന്നത് എത്ര ; വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) 1956-ലെ കമ്പനീസ് ആക്ട് പ്രകാരം 19-7-2013-ന് സംസ്ഥാനത്ത് പൊതുമേഖലയിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് രൂപീകരിച്ചു. ഇതിന്റെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിച്ചിട്ടില്ല. ഭവന നിർമ്മാണ വകുപ്പിന്റെ കീഴിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് സെക്യൂർ റെഗുലേറ്ററി അതോറിറ്റി രൂപീകരിച്ചിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.